രുത്താൻ ആവശ്യമായ നടപടി സ്വീകരിക്കണം. ഇപ്പോൾ കരാർ വ്യവസ്ഥ നിലവിലില്ല. ലീവ് ആനുകൂല്യങ്ങൾ മറ്റ് പൊതുമേഖലാസ്ഥാപനങ്ങളിലെ ജീവനക്കാർക്ക് മാത്രമായി ഏകീകരിക്കുക, ജീവനക്കാർക്ക് ഗുണകരമായി വെൽഫെയർ ആനുകൂല്യങ്ങൾ നടപ്പിൽ വരുത്തുക എന്നീ ആവശ്യങ്ങൾക്ക് അടിയന്തിരമായി പരിഹാരം കാണാൻ നടപടി സ്വീകരിക്കണമെന്ന് ബഹുമാന പ്പെട്ട വ്യവസായ വകുപ്പുമന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്.

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ) : എച്ച്.എം.ടി. യ്ക്കുവേണ്ടിയുള്ള വാച്ചുകൾ അസംബിൾ ചെയ്യുന്ന ജോലിയാണ് ആസ്ട്രൽ വാച്ചസ് കമ്പനിയുടേത്. എച്ച്.എം.ടി. യിൽ നിന്നുള്ള ആവശ്യം കുറഞ്ഞതിനെത്തുടർന്ന് 1993 മുതൽ കമ്പനിയുടെ പ്രവർത്തനം മന്ദീഭവിക്കുകയും തുടർച്ചയായി നഷ്ടത്തിൽ പ്രവർത്തിക്കുക യാണ്. ഈ സാഹചര്യത്തിൽ വൈവിദ്ധ്യവൽക്കരണത്തെക്കുറിച്ച് ആലോചി ക്കുകയും കമ്പനിയുടെ പുനരുദ്ധാരണത്തിനുവേണ്ടി തിരുവനന്തപുരത്ത് മെസേഴ്സ് റോയ് വർഗ്ഗീസ് ആന്റ് അസോസിയേറ്റ്സ് എന്ന സ്ഥാപനത്തോട് ഒരു പ്രോജക്ട് റിപ്പോർട്ട് സമർപ്പിക്കുവാൻ ആവശ്യപ്പെടുകയും ചെയ്തിരു ന്നു. മാർക്കറ്റ് സർവ്വേയുടെ അടിസ്ഥാനത്തിൽ ക്ലോക്ക്, ടൈംപീസ് എന്നിവ യുടെ അസംബ്ലിംഗ്, കാനറാ ബാങ്കിന്റെ ബാദ്ധ്യത തീർക്കൽ, പ്രവർത്തന മൂല ധനം എന്നിവയ്ക്ക് ഉൾപ്പടെ 70 ലക്ഷം രൂപയുടെ ഒരു പദ്ധതി മേൽപ്പറഞ്ഞ സ്ഥാപനം തയ്യാറാക്കിയിരുന്നു. ഇതിനെത്തുടർന്ന് കാനറാബാങ്കിന് നൽകേ ണ്ടിയിരുന്ന 14.30 ലക്ഷം രൂപ നൽകിക്കഴിഞ്ഞിട്ടുണ്ട്. പുനരുദ്ധാരണ പദ്ധതി കമ്പനിയുടെ ഇപ്പോഴത്തെ സാമ്പത്തിക നിലയുടെ അടിസ്ഥാനത്തിൽ പുതു ക്കുവാനും, 'RIAB' മുഖേന അത് സമർപ്പിക്കുവാനുമുള്ള ശ്രമങ്ങൾ കെ.എസ്. ഐ.ഡി.സി. നടത്തുന്നുണ്ട്. ഇതിനിടയിൽ സ്വിറ്റ്സർലന്റിലെ ചാൻസിലർ വാച്ച് കമ്പനിക്കുവേണ്ടി റിസ്റ്റ് വാച്ചുകൾ അസംബിൾ ചെയ്യുന്ന ജോലി ഏറ്റെ ടുക്കുന്നതു സംബന്ധിച്ച് ആസ്ട്രൽ വാച്ച് കമ്പനിയുമായി കെ.എസ്.ഐ. ഡി.സി. ചർച്ച നടത്തിവരുന്നു. കമ്പനിയിലുള്ള സൗകര്യങ്ങൾ വിലയിരുത്തു ന്നതിനുവേണ്ടി ചാൻസിലർ വാച്ച് കമ്പനിയിലെ ഒരു വിദഗ്ദ്ധ സംഘം താമ സിയാതെ കമ്പനി സന്ദർശിക്കുന്നുണ്ട്. ഈ സംഘത്തിന്റെ വിലയിരുത്തലിനു ശേഷം വ്യക്തമായ ഒരു സമഗ്ര പദ്ധതി സമർപ്പിക്കപ്പെടുമെന്ന് പ്രതീക്ഷി ക്കുന്നു. അവർ സാദ്ധ്യമായ എല്ലാ കാര്യങ്ങളും ചെയ്യുന്നുണ്ട്. പ്രത്യേകിച്ച് സ്ത്രീകൾ കൂടുതൽ ഉള്ളതുകൊണ്ട് അവരെ അങ്ങനെ വിടാൻ പാടില്ലാ യെന്ന് തീരുമാനിച്ചിരിക്കുകയാണ്. ജീവനക്കാരുടെ ശമ്പളം സർക്കാരിൽ നിന്നും കൊടുക്കുന്ന പതിവില്ലാത്തതുകൊണ്ട് അവരുടെ സ്കീമിന് പൈസ കൊടുത്തുകൊണ്ട് അവരുടെ ശമ്പള കുടിശ്ശിക കുറേശ്ശേ കൊടുത്തുതീർക്കാ നാണ് തീരുമാനിച്ചിരിക്കുന്നത്.

(10) കേരളത്തിലെ മെഡിക്കൽ കോളേജുകളിൽ ഹൃദയ ശസ്ത്രക്രിയാ സംവിധാനം

ശ്രീ. രാജു എബ്രഹാം : വളരെ പ്രധാനപ്പെട്ട ഒരു പ്രശ്നമാണ് എനിക്ക് ഉന്നയിക്കാനുള്ളത്. കേരളത്തിൽ 3 മെഡിക്കൽ കോളേജ് ആശുപത്രികളിൽ മാത്രമേ ഹൃദയശസ്ത്രക്രിയയ്ക്കുവേണ്ടിയുള്ള സംവിധാനങ്ങൾ ഏർപ്പെടു ത്തിയിട്ടുള്ളൂ. തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ പ്രതി ദിനം 10 ശസ്ത്രക്രിയകൾ മാത്രമേ നടക്കുന്നുള്ളൂ. കേരളത്തിലെ രോഗി കളെക്കൊണ്ട് മദ്രാസിലെയും കർണ്ണാടകത്തിലേയും ആശുപത്രികൾ നിറയു കയാണ്. അവിടെ ശസ്ത്രക്രിയയ്ക്ക് 3 ലക്ഷം രൂപ വരെ ഫീസ് കൊടു

LIBRARY ARCHIVES Kerala Legislative Assembly

ക്കണം. അതുകൊണ്ട് കേരളത്തിലെ എല്ലാ മെഡിക്കൽ കോളേജ് ആശു പത്രികളിലും ഹൃദയ ശസ്ത്രക്രിയ സംവിധാനം ആരംഭിക്കണം. തിരുവനന്ത പുരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ പ്രതിദിനം ചെയ്യുന്ന ഹൃദയശ സ്ത്രക്രിയകളുടെ എണ്ണം 10 എന്നുള്ളത് വർദ്ധിപ്പിക്കുകയും ചെയ്യണം.

ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി (ശ്രീ. വി.സി. കബീർ) : തിരുവനന്തപുരം, കോട്ടയം, കോഴിക്കോട് എന്നീ മെഡിക്കൽ കോളേജ് ആശു പത്രികളിൽ ഓപ്പൺ ഹാർട്ട് സർജറി ഉൾപ്പെടെയുള്ള ഹൃദയ ശസ്ത്രക്രിയ കൾ നടത്തുന്നതിനുള്ള സംവിധാനം നിലവിലുണ്ട്. നമ്മുടെ സംസ്ഥാനത്തിന കത്തും പുറത്തുമുള്ള സ്വകാര്യ ആശുപത്രികളിൽ നിലവിലുള്ള ഹൃദയശ സ്ത്രക്രിയാ ചെലവിന്റെ നിരക്കിനേക്കാൾ വളരെ കുറഞ്ഞ നിരക്കാണ് മെഡി ക്കൽ കോളേജ് ആശുപത്രികളിൽ നിലവിലുള്ളത്. മാത്രമല്ല, കേരള സർക്കാർ ഈ അടുത്തകാലത്ത് നടപ്പിലാക്കിയ പാവപ്പെട്ടവർക്കായുള്ള ചികിത്സാ ധന സഹായ പദ്ധതി മുഖേന ഹൃദയശസ്ത്രക്രിയപോലുള്ള ചികിൽസകൾക്കായി 50,000 രൂപ ധനസഹായം നൽകുന്നുണ്ട്. ഇതിന്റെ പ്രയോജനം പല പാവപ്പെട്ട രോഗികൾക്കും ലഭിക്കുന്നുമുണ്ട്. ഇക്കാരണങ്ങളാൽ നമ്മുടെ സംസ്ഥാനത്തെ മെഡിക്കൽ കോളേജ് ആശുപത്രികളിൽ രോഗികളുടെ എണ്ണം വർദ്ധിച്ചുവരു ന്നു. ഇതെല്ലാം കണക്കിലെടുത്ത് സംസ്ഥാനത്തെ മെഡിക്കൽ കോളേജ് ആശുപത്രികളിൽ നിലവിലുള്ള ഓപ്പൺ ഹാർട്ട് സർജറി തിയേറ്ററുകൾ നവീ കരിക്കുന്നതിന്റെ ആദ്യപടിയായി തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിലെ ഓപ്പൺ ഹാർട്ട് സർജറി തിയേറ്റർ ആശുപത്രി വികസന സമിതിയുടെ സഹകരണത്തോടെ ഒന്നേകാൽകോടി രൂപ മുടക്കി നവീകരി ക്കുകയുണ്ടായി. ബൈപ്പാസ് സർജറി ഉൾപ്പെടെയുള്ള 10 ശസ്ത്രക്രിയകൾ ചെയ്യാനുള്ള സംവിധാനം ഇപ്പോൾ അവിടെ ഉണ്ട്. തിരുവനന്തപുരത്തും കോഴിക്കോടും അതിനുള്ള സൗകര്യങ്ങൾ നിലവിലുണ്ട്. ഇത് വർദ്ധിപ്പിക്കുന്ന തിനുള്ള ഭൗതിക സാഹചര്യങ്ങൾ വികസിപ്പിച്ചുകൊടുക്കുന്നതാണ്. കേരള ത്തിലെ എല്ലാ മെഡിക്കൽ കോളേജ് ആശുപത്രികളിലും ഹൃദയശസ്ത്രക്രി യയ്ക്ക് വേണ്ട സൗകര്യം മെച്ചപ്പെടുത്തുന്നതിന് ധനലഭ്യതയാണ് പ്രശ്നം. ആശുപത്രി വികസന സമിതികൾ, ബാങ്കുകൾ മുഖേന ആവശ്യമായ പണം സമാഹരിക്കുകയാണെങ്കിൽ അതിന് ഗ്യാരന്റി നിൽക്കുന്ന കാര്യം ഗവൺമെന്റ് സജീവമായി പരിഗണിക്കുന്നതാണ്.

(11) ഡന്റൽ സർജൻമാരുടെ നിയമനം

ശ്രീ. സെബാസ്റ്റ്യൻ പോൾ : ഇന്ത്യൻ ഡന്റൽ അസോസിയേഷൻ നട ത്തിയ പഠനത്തിൽനിന്ന് കേരളത്തിൽ ഓറൽ ക്യാൻസറും കുട്ടികൾക്കിടയിൽ ദന്ത രോഗങ്ങളും വർദ്ധിച്ചു വരുന്നതായി മനസ്സിലാക്കുന്നു. നാഷണൽ ഹെൽത്ത് പോളിസിയുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ എല്ലാ കമ്മ്യൂ ണിറ്റി ഹെൽത്ത് സെന്ററുകളിലും ദന്ത ഡോക്ടർമാരുടെ സേവനം ലഭ്യമാകു ന്നതാണ്. കേരളത്തിൽ ആകെയുള്ള 73 കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുക ളിൽ 6 എണ്ണത്തിൽ മാത്രമാണ് ദന്ത ഡോക്ടർമാർ ഉള്ളത്. എല്ലാ താലൂക്ക് ആശുപത്രികളിലും ഗവൺമെന്റ് ആശുപത്രികളിലും കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളിലും ഡന്റൽ സർജൻമാരുടെ സേവനം ലഭ്യമാക്കത്തക്ക രീതിയിൽ നിയമനം നടത്തണം, തസ്തികകൾ സൃഷ്ടിക്കണം. 2001 ജൂലൈ കാലാവധി അവസാനിക്കുന്ന പി.എസ്.സി. റാങ്ക് ലിസ്റ്റ് പ്രയോജനപ്പെടുത്തിക്കൊണ്ട് ഈ സേവനം എല്ലാ ജനങ്ങൾക്കും ലഭ്യമാക്കുന്നതിന് ഗവൺമെന്റ് നടപടി സ്വീക രിക്കണം.

LIBRARY ARCHIVES Kerala Legislative Assembly